1995-96-ൽ	ഇല്ല.
1996-97--ൽ	5 തവണ
1997-98--ൽ	41 തവണ
1998-99--ൽ	173 തവണ
1999-2000-ൽ	164 തവണ
2000-2001-ൽ	57 തവണ നവംബർ വരെ

(ബി) ഇല്ല

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

ഓവർ ഡ്രാഫ്റ്റ്

10 (342) ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം റിസർവ് ബാങ്കിൽ നിന്നും എത്ര തവണ എത്ര രൂപ ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം ഇതിനോടകം എത്രതവണ എത്ര രൂപ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോഴത്തെ ഗവണ്മെന്റിന്റെ സാമ്പത്തികനില റിസർവ്വ് ബാങ്ക് അക്കൗണ്ടിൽ എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റിസർവ്വ് ബാങ്കിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ഈ സാമ്പത്തിക വർഷം ഒക്ടോബർ മാസംവരെ 13 തവണയായി ആകെ 1588.00 കോടി രൂപ ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്.

(ബി) റിസർവ്വ് ബാങ്കിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ഈ സാമ്പത്തിക വർഷം നവംബർ മാസം വരെ 57 തവണയായി ആകെ 1373.83 കോടി രൂപ എടുത്തിട്ടുണ്ട്.

(സി) റിസർവ്വ് ബാങ്കിൽ നിന്ന് ഏറ്റവും അവസാനം ലഭ്യമായ വിവരം അനുസരിച്ച് സംസ്ഥാനം ഇപ്പോൾ വെയ്സ് ആന്റ് മീൻസ് അഡ്വാൻസിലാണ്.

സംസ്ഥാനത്തിന്റെ മുതലെടുപ്പും ചെലവും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച്

11 (343) ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990-91 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ മുതലെടുപ്പും ചെലവും തമ്മിലുള്ള വ്യത്യാസം എത്ര വീതമായിരുന്നു;

(ബി) ഈ ഓരോ വർഷവും സംസ്ഥാനത്തിന്റെ മുതലെടുപ്പിനേക്കാൾ ചെലവ് കൂടുതലോ കുറവോ എന്നു പറയുമോ;

(സി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും ശമ്പള അലവൻസ്, പെൻഷൻ വായ്പയിന്മേലുള്ള പലിശ, വായ്പയുടെ തിരിച്ചടവ് എന്നീ ഓരോ ഇനത്തിലും എന്തു തുക വീതം ചെലവായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഗവണ്മെന്റ് നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള വിടവ് നികത്തുവാൻ എന്തെല്ലാം നടപടികൾ എടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓരോ വർഷത്തെയും വ്യത്യാസം ഇപ്രകാരമാണ്

1990-91	422.02
91-92	364.33
92-93	337.40
93-94	371.61
94-95	399.88
95-96	402.81
96-97	643.03
97-98	1122.91
98-99	2029.96
99-2000	3624.21

(ബി) ഓരോ വർഷവും മുതലെടുപ്പിനേക്കാൾ ചെലവ് കൂടുതലായിരുന്നു.

(സി) വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	ശമ്പള അലവൻസ്	പെൻഷൻ	വായ്പയിന്മേലുള്ള പലിശ	തിരിച്ചടവ്
1990-91	1682.65	293.14	340.63	1282.45
91-92	1383.59	338.96	483.42	1941.40
92-93	1419.46	371.87	542.51	2075.22
93-94	1836.14	464.72	687.16	1305.49
94-95	2194.25	565.45	819.67	302.27
95-96	2230.40	716.55	924.15	163.93
96-97	2616.66	754.86	1103.41	304.10
97-98	2803.26	913.02	1286.09	522.72
98-99	3254.68	1154.32	1446.26	2474.63
99-2000	4401.39	1808.29	1952.27	4365.32

(ഡി) റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് ഊർജ്ജിത ശ്രമം നടത്തുവാനും ചിലവു ചുരുക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശവും ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

നികുതിപിരിവ്

12 (344) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :

LIBRARY ARCHIVES Kerala Legislative Assembly